**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1328** **27-07-2021 - ൽ മറുപടിയ്ക്ക്**

**വെറ്ററിനറി ഡോക്ടർമാരുടെ രാത്രികാല സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ വെറ്റിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിൽ ലഭ്യമാക്കിക്കൊണ്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. രാത്രികാല അടിയന്തിര വെറ്ററിനറി സേവനം നിലവിൽ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. |
| (ബി) | ഇതിനായി നിലവിൽ എത്ര ബ്ലോക്കുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്; ഇനി എത്ര പേരെ നിയമിക്കാനുണ്ട്; | (ബി) | പദ്ധതി നടപ്പിലാക്കുന്ന 156 സെന്ററുകളിൽ 46 സെന്ററുകളിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന 110 സെന്ററുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സംവിധാനം സുഗമമാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 921 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജൂലൈ വരെ 75.82 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് (8.23%). |

സെക്ഷൻ ഓഫീസർ